2021 ഏപ്രിൽ 11,

സ്ഥലം എറണാകുളത്തെ ഹൈവേ ഗാർഡൻ കൺവെൻഷൻ സെന്റർ. കോവിഡ് മാനദണ്ഡങ്ങൾ പൂർണമായും പാലിച്ചു കൊണ്ട് ഔഷധിയും ക്യാപ്റ്റൻ ഇവന്റ്സും ചേർന്ന് നടത്തുന്ന സൗന്ദര്യമത്സരത്തിന്റെ അവസാനഘട്ട മത്സരങ്ങൾ അരങ്ങ് തകർക്കുന്നു. പല ഘട്ടങ്ങൾ കടന്നെത്തിയ 15 മത്സരാർത്ഥികൾ. പലരും സീരിയലുകളിലും സിനിമയിലും ഒക്കെ അഭിനയിച്ചു തഴക്കം വന്നവർ.
ഒടുവിൽ ഫലപ്രഖ്യാപനം വരുമ്പോൾ ആദ്യമായി ഇത്തരം മത്സരങ്ങളിൽ പങ്കെടുക്കുന്ന ഒരു പെൺകുട്ടി മിസ്സിസ് ക്വീൻ കേരളയായി തെരഞ്ഞെടുക്കപ്പെടുന്നു. സ്വപ്നം ആണോ താൻ കാണുന്നത് എന്ന് തിരിച്ചറിയാനാവാതെ കുഴങ്ങിയ ഒരു ബാങ്ക് ജീവനക്കാരി. കേൾക്കുന്നത് സത്യമാണെന്ന തിരിച്ചറിവിൽ അവൾ ആഹ്ലാദത്തിന്റെ അനിർവചനീയമായ നിമിഷങ്ങളിലേക്ക് എടുത്തുയർത്തപ്പെട്ടു.
ആ കുട്ടിയാണ് ഇന്ന് നമ്മുടെ ദളം സമ്പുഷ്ടമാക്കുന്നത്.

നിമ മനോഹരൻ,
കാനറാ ബാങ്ക്,
കൊല്ലം മെയിൻ ശാഖ.

കൊല്ലം ജില്ലയിലെ വെട്ടിക്കവല സ്വദേശിയും സൂപ്പർ മാർക്കറ്റ് ഉടമയും ആയ മനോഹരന്റെയും വീട്ടമ്മയായ അനീസ്യയുടെയും മൂത്തമകളാണ് നിമ. നിമയുടെ സഹോദരി അഡ്വക്കേറ്റ് നിമിഷ മനോഹരൻ മോട്ടിവേഷണൽ സ്പീക്കർ എന്ന നിലയിൽ സാമൂഹ്യമാധ്യമങ്ങളിൽ ഏറെ പരിചിതയാണ്.

കൊട്ടാരക്കര മൈലം എം ജി എം റെസിഡൻഷ്യൽ പബ്ലിക് സ്കൂളിൽ ആണ് നിമയും നിമിഷയും പ്ലസ് ടു വരെ പഠിച്ചിരുന്നത്. സ്കൂൾ കാലഘട്ടത്തിൽ നിരവധി ഗ്രൂപ്പ് ഇനങ്ങളിൽ സ്കൂൾ തലത്തിലും സഹോദയ മത്സരങ്ങളിലും പങ്കെടുക്കുകയും സമ്മാനങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ടെങ്കിലും ഏതെങ്കിലും ഒരിനത്തിൽ ഒറ്റക്ക് മത്സരിക്കാൻ നിമക്ക് എന്തോ ഒരു മടിയായിരുന്നു.

സ്കൂൾ പഠനത്തിന് ശേഷം ആറ്റൂർ മരിയ കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജിയിൽ വിദ്യാർത്ഥിനി ആയിരിക്കുമ്പോഴാണ് നിമ ഗ്രൂപ്പ് ഇനങ്ങൾക്ക് പുറമേ ഒരു മോണോ ആക്ട് മത്സരത്തിൽ പങ്കെടുക്കുന്നത്. കുഞ്ചൻ നമ്പ്യാരുടെ അവസാനനാളുകൾ ഭംഗിയായി വേദിയിൽ അവതരിപ്പിച്ച് ഒന്നാം സ്ഥാനം കരസ്ഥമാക്കുമ്പോൾ കാണികളും നിമ സ്വയവും തിരിച്ചറിഞ്ഞത് ഉള്ളിലെ കഴിവുറ്റ ഒരു നടിയെയാണ്. അഭിനയമോഹം ചെറുതിലേ ഉള്ളിൽ തീവ്രമായി കൊണ്ടുനടന്ന ഒരു പെൺകുട്ടിയുടെ കഴിവിന്റെ ബഹിർസ്ഫുരണമായിരുന്നു അത്.

കോളേജ് വിട്ട് അധികം വൈകാതെ നിമ ബാങ്ക് ജീവനക്കാരിയായി. കാനറാ ബാങ്കിന്റെ നിലമേൽ ശാഖയിൽ നിന്നാണ് ഔദ്യോഗിക ജീവിതം ആരംഭിക്കുന്നത്.
2014ൽ.

2016ൽ നിമ ഫെഡറൽ ബാങ്ക് ജീവനക്കാരനായ വിശാഖിന്റെ ജീവിതപങ്കാളിയായി. കൊല്ലത്തെ അറിയപ്പെടുന്ന ഫോട്ടോഗ്രാഫർ ശ്രീ വേണുഗോപാലിന്റെയും സുജനയുടെയും രണ്ട് ആൺമക്കളിൽ ഇളയ ആളാണ് വിശാഖ്. സഹോദരൻ വിവേക് യൂണിയൻ ബാങ്കിലും വിവേകിന്റെ ഭാര്യ സൂര്യ ഫെഡറൽ ബാങ്കിലും. മൊത്തത്തിൽ ഒരു ബാങ്ക് കുടുംബത്തിലേക്കാണ് നിമ ചെന്നുചേർന്നത്.

വിവാഹശേഷം നിമ സ്ഥലം മാറ്റത്തിന് ശ്രമിക്കുകയും ബാങ്കിന്റെ കൊല്ലം മെയിൻ ശാഖയിലേക്ക് എത്തുകയും ചെയ്തു. തന്റെ അഭിനയമോഹം ബാങ്കിൽ പലരോടും പങ്ക് വച്ചിട്ടുണ്ടെങ്കിലും കൊല്ലം ശാഖയിലെ സഹപ്രവർത്തക സജിതയാണ് നിമക്ക് അവസരത്തിന്റെ ഒരു വാതിൽ കാട്ടികൊടുത്തത്. അങ്ങനെയാണ് സജിതയുടെ ബന്ധുവായ രാജാ റാം മോഹൻ സംവിധാനം ചെയ്ത അസുരൻ 2 എന്ന പൈലറ്റ് ചിത്രത്തിൽ നായിക ആവുന്നത്. ആ ചിത്രത്തിലെ ഏക സ്ത്രീ കഥാപാത്രം ആയിരുന്നു നിമ. ചിത്രം അതിന്റെ സംവിധായകന് പിന്നീട് ചില അവസരങ്ങൾ ഒരുക്കാൻ പര്യാപ്തമായെങ്കിലും ആ ടീമിലൂടെ മറ്റൊരു ചിത്രം പിന്നീട് സാധ്യമായില്ല. സിനിമയുടെ ലോകം എന്നും അങ്ങനെയാണല്ലോ?

അസുരനിലെ തന്മയത്വമായ പ്രകടനമാണ് ഏഷ്യാനെറ്റ് കുടുംബാംഗമായ മനു സിദ്ധാർത്ഥിന് തന്റെ ഹൃസ്വചിത്രത്തിലേക്ക് നിമയെ ക്ഷണിക്കാൻ നിമിത്തമായത്. അങ്ങനെ നിമ "ഹൗസ് വൈഫ്" എന്ന ഹ്രസ്വചിത്രത്തിൽ നായികയായി. നായകൻ സ്വന്തം ജീവിതനായകൻ വിശാഖ് കൂടി ആയപ്പോൾ അനായാസം ആണ് നിമ ആ വേഷപ്പകർച്ച കൈകാര്യം ചെയ്തത്. സംഭാഷണങ്ങൾ ഇല്ലാതെ വീട്ടമ്മമാരുടെ സങ്കടങ്ങൾ പറയുന്ന ആ ചിത്രം ഒരു പക്ഷേ "ദി ഗ്രേറ്റ് ഇന്ത്യൻ കിച്ചൻ" പോലെ ചർച്ച ചെയ്യപ്പെടേണ്ട ഒന്നായിരുന്നു എന്നാണ് അതിലൂടെ കടന്നുപോയപ്പോൾ തോന്നിയത്.

തനിക്ക് ഭാഗ്യം തെളിയാനുള്ള അവസരങ്ങൾ വരാനിരിക്കുന്നേയുള്ളൂ എന്ന് വിശ്വസിക്കുന്ന നിമയെ തേടി ഇൻസ്റ്റയിലൂടെ വന്നതാണ് ഔഷധിയുടെ സൗന്ദര്യമത്സരം.

വെറും ഒരു പങ്കെടുക്കലിനാണ് അവിടെ എത്തിയതെങ്കിലും തികഞ്ഞ ആത്മവിശ്വാസം ആണ് നിമക്ക് കരുത്തായി നിന്നത്. പലഘട്ടങ്ങളിലായി നടന്ന മത്സരത്തിൽ നല്ല പുഞ്ചിരിക്കുള്ള സമ്മാനവും നിമയാണ്

കരസ്ഥമാക്കിയത്. ടാലൻ്റ് റൗണ്ടിൽ ഒരടിപൊളി ഫ്യൂഷൻ ഡാൻസുമായാണ് നിമ കാണികളെയും വിധികർത്താക്കളെയും വിസ്മയിപ്പിച്ചത്. മേജർ രവി, ശ്വേത മേനോൻ, രാജീവ് പിള്ള, അക്ഷയ പ്രേംനാഥ്, രഞ്ജിനി ജോർജ്ജ്, ഷീബ എന്നിവരായിരുന്നു ഈ മത്സരത്തിന്റെ വിധികർത്താക്കൾ. നിറഞ്ഞ ആത്മവിശ്വാസം ആണ് മിസ്സിസ് ക്വീൻ കേരള പട്ടം നിമക്ക് നല്കാൻ അവരെ പ്രേരിപ്പിച്ചത്.

ജീവിതത്തിൽ നേരിട്ട ഏറ്റവും വലിയ പ്രതിസന്ധി എന്താണെന്നും അതിനെ എങ്ങനെ മറികടന്നു എന്നുമുള്ള അവരുടെ ചോദ്യത്തിന് ഇത്തരം വേദികളിൽ ഒരു കഴിവും ഇല്ലാതെ തനിക്ക് എങ്ങനെ മിന്നിത്തിളങ്ങാനാവും എന്ന പരീക്ഷണത്തെ സ്വന്തം ഇച്ഛാശക്തിയും വീട്ടുകാരുടെ, പ്രത്യേകിച്ച് ജീവിതപങ്കാളിയുടെ കലവറയില്ലാത്ത പ്രോത്സാഹനവും കൊണ്ട് താൻ അതിജീവിച്ചുകൊണ്ടിരിക്കുകയാണെന്ന് മറുപടി പറയുമ്പോൾ അത് തന്റെ വിജയത്തിലേക്കുള്ള അവസാന ചവിട്ടുപടി ആണെന്ന് സ്വപ്നത്തിൽ പോലും നിമ കരുതിയില്ല.

നിമയുടെ അഭിനയത്തോടുള്ള അഭിനിവേശം വളരെ ദൃഢവും ശക്തവും ആണെന്നാണ് വിശാഖിന്റെ അഭിപ്രായം.
അഭിനയമോഹം കുട്ടിക്കാലത്തേ കൊണ്ട് നടന്ന സഹോദരി ഇത്തരത്തിൽ ഒരു മത്സരത്തിൽ ആദ്യമായി പങ്കെടുക്കുകയും അതിൽ തന്നെ വിജയകിരീടം നേടുകയും ചെയ്തതിൽ ഉള്ള അത്യാഹ്ലാദത്തിലാണ് എൽ എൽ എം വിദ്യാർത്ഥിനി കൂടിയായ നിമിഷ.

നിമക്ക് ഇതൊരു വലിയ തുടക്കം ആണ്. അഭിനയജീവിതത്തിൽ ഏറെ മുന്നോട്ട് പോകാൻ നിമക്ക് കഴിയട്ടെ എന്ന് ടാലന്റഡ് ബാങ്കേഴ്സ് കുടുംബം നിറഞ്ഞ സ്നേഹത്തോടെ ആശംസിക്കുന്നു.

--------------------------------------------------------------------------------------------
തയ്യാറാക്കിയത് : അനിൽ ഉണ്ണിത്താൻ ( Anil Unnithan), സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, അഞ്ചാലുംമൂട് ശാഖ, കൊല്ലം

English version: Arya Gayathry , State Bank of India, Pallickal Branch

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, അരക്കിണർ മീഞ്ചന്ത ബ്രാഞ്ച്, കോഴിക്കോട്
--------------------------------------------------------------------------------------------

April 11, 2021; Highway Garden Convention centre, Ernakulam.

The final round of a beauty pageant organised in accordance with covid protocols by Oushadhi and Capton Events... the 15 finalists had passed through various stages of selection criteria and competitions to reach the stage. Most of them were experienced artists in tele serials and

movies. And the winner of the title Mrs. Queen Kerala was a novice in the field, and couldn't believe she wasn't dreaming, that she heard the name right. This beauty with brains is our Talented Banker today.

Nima Manoharan
Canara Bank
Kollam Main Branch

Nima is the eldest of the two daughters of Manoharan, a supermarket owner belonging to Vettikkavala, Kollam, and Aneesya, a homemaker. Her sister, advocate Nimisha Manoharan, is famous for her motivational speeches in the social media.

They both studied in the Kottarakkara Mylom M.G.M Residential Public School till their plus two. Though she had participated and won prizes in many group events at school and in the Sahodaya competitions, she had always been hesitant to move onto the stage for a solo performance.

After completing her schooling, she joined the Maria College of Engineering and Technology, Attoor and there, she participated in a monoact competition. When she beautifully enacted the last stage of Kunjan Nambiar's last days, and won the first prize, the audience and Nima herself realized that a potent actor slumbered within her. It was in fact the reflection of her innermost desire to act!

Not long after leaving college, Nima joined the bank. She began her banking career in the year 2014 from the Nilamel branch of Canara Bank. In 2016, she tied the knot with Visakh from the Federal Bank. Visakh is the younger of the two sons of the famed photographer of Kollam, Sri.Venugopal and Sujana. His brother Vivek works in the Union Bank and Vivek's wife Surya works in the Federal Bank- complete banking in and out! 😊

Nima applied for a ho.e posting after marriage and thus joined the Kollam Main branch. Though Nima had spoken to many of her colleagues about her desire to act, her co-worker at the Kollam Main Branch Sajitha who created an opportunity for her. Thus she became the heroine in the pilot film Asuran 2 that was directed by Sajitha's relative Raja Ram Mohan. She was the lone female character in the whole film. That film opened new opportunities to the director but no other movie came out of the team.

Her realistic acting in Asuran 2 led Manu Sidharth of Asianet to invite Nima to act in his short film "House wife". She could live the character as her life partner Visakh enacted the part of her character's husband. This short film that conveys quite clearly the daily toils of a house wife should have got far more reach in the society and discussed as the movie 'The Great Indian Kitchen '.

She firmly believes that the best is yet to come her way. The beauty pageant by Oushadhi was such an opportunity.

Though she just intended to participate in the event, her confidence boosted her forward.

Among the various stages of the contests, she won the prize for beautiful smile. She amazed the audience and the judges- Major Ravi, Swetha Menon, Rajeev Pillai, Akshaya Premnath, Ranjini George and Sheeba - alike in the talent round with a fabulous fusion dance. Nima's confidence was her attraction that prompted the judges to finalise their decision.

Nima honestly answered when asked about the hardest challenge she had ever faced and overcome in life, that with own perseverance and determination and also with full support from her family, especially her life partner, she overcame her fears and doubts of how she would perform at each round of the event. She never ever imagined that this answer was the last step towards her crown!

Visakh claims that Nima's passion towards acting is quite strong and firm. Her sister Nimisha who is pursuing her LLM degree, is elated that the craving in her sister to be an actor led her to perform and win the prestigious title at just her first attempt.

This is a big start for Nima. .Dear Nima, we the Talented Bankers family, convey our wholehearted appreciation of your talents and wish that you may scale more heights in your acting career.